# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5803 02/07/2014 ൽ മറുപടിയ്ക്ക്

**<u>പെരുവ ക്രാഫ്റ്റ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം</u>**

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ പെരുവ കേന്ദ്രമായ പ്രവർത്തിക്കുന്ന വി.ജി. ഗേൾസ് ടെയിലറിംഗ് ആന്റ് ക്രാഫ്റ്റ് സ്കൂളിലെ കുട്ടികളുടെ സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സ്ഥാപന മേധാവിയുടെ അപേക്ഷ ആവശ്യമായ എല്ലാ രേഖകളും സഹിതം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവർ മുഖേന ശുപാർശ ചെയ്ത് ലഭിക്കാൻ വൈകുന്നതാണ് കാലതാമസത്തിനു കാരണം. |
| (ബി) | ഇക്കാര്യം സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടറേറ്റിലെ ഫയൽ നമ്പർ 6470/2012 മേൽ തീരുമാനം കൈക്കൊള്ളുന്നതിലുള്ള തടസ്സം വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ഡയറക്ടറേറ്റിലെ ഫയൽ നം.സി.2-6470/12-ൽ തീരുമാനമെടുത്ത് എഡ്യു.സി2-6470/12 തീയതി 06/06/2014 പ്രകാരം 2011-12 വർഷത്തെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് സ്റ്റൈപന്റ് നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ? | (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് ആനുകൂല്യം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ